# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | G.L.P.G.S തൃക്കണ്ണമംഗൽ |
| വിലാസം | : | G.L.P.G.S തൃക്കണ്ണമംഗൽ, കൊട്ടാരക്കര |
| ഫോൺ | : | 0474 2452350 |
| സ്കൂൾ കോഡ് | : | 39214 |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| വിദ്യാഭ്യാസ ഉപജില്ല | : | കൊട്ടാരക്കര |
| റവന്യൂ ജില്ല | : | കൊട്ടാരക്കര |
| ബി.ആർ .സി | : | കൊട്ടാരക്കര |
| സി.ആർ.സി | : | പടിഞ്ഞാറ്റിൻകര |
| മുൻസിപാലിറ്റി | : | കൊട്ടാരക്കര |
| ബ്ലോക്ക് പഞ്ചായത്ത് | : | കൊട്ടാരക്കര |
| ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| നിയമസഭാ മണ്ഡലം | : | കൊട്ടാരക്കര |
| താലൂക്ക് | : | കൊട്ടാരക്കര |
| വില്ലേജ് | : | കൊട്ടാരക്കര |
| ഇ-മെയിൽ | : | glpgsthrikkannamangal39214@gmail.com |
| ലോകസഭാ മണ്ഡലം | : | മാവേലിക്കര |

AnyScanner

## ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയ ലഘു ചരിത്രം
3. വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
4. ലക്ഷ്യങ്ങൾ
5. പദ്ധതി രൂപീകരണ പ്രക്രിയാഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാവിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റ നോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ

   (മേഖല,ഉപമേഖല, ലക്ഷ്യം,പ്രവർത്തനങ്ങൾ, കലാചുമതല, സാമ്പത്തികവിശകലനം )
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ് രീതി
11. ഉപസംഹാരം
12. അനുബന്ധം

    i വിദ്യാലയത്തിന്റെ സ്കെച്ച്.

    ii. മികവുകൾ, നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)

    iii. കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

    iv. SSA/RMSA പദ്ധതിക്കായി തയ്യാറാക്കിയ വിവിധ പട്ടികകൾ

    v. നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക


AnyScanner

# ആമുഖം

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര മുൻസിപാലിറ്റിയിൽ തൃക്കണ്ണമംഗലിലാണ് വിദ്യാലയം. ചരിത്രപരമായി വളരെയേറെ പ്രാധാന്യമുള്ള നാടാണിത്. ക്ഷേത്രപ്രവേശന വിളംബരവുമായി ബന്ധപ്പെട്ട് ഗാന്ധിജി ഈ നാട്ടിൽ എത്തിയിട്ടുണ്ട്. കൊട്ടാരക്കര "കൊട്ടാരങ്ങളുടെ നാട് "എന്നതിനുപരി "കഥകളിയുടെ നാട് "കൂടിയാണ്. ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിന്റെ തിരുമുമ്പിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഈ സ്കൂൾ 1923 ൽ ശ്രീ കോടിയാട്ട് കുഞ്ഞൻപിള്ള സ്വന്തം സ്ഥലത്ത് 50 സെന്റിൽ കെട്ടിടം നിർമ്മിച്ച് സ്കൂൾ ആരംഭിച്ചതാണ്. എന്നാൽ മക്കളുടെ തർക്കം മൂലം പിന്നീട് ഇത് സർക്കാരിലേക്ക് നല്കുകയും കോടിയാട്ട് സ്കൂൾ എന്നത് G.L.P.G.S തൃക്കണ്ണമംഗൽ എന്നായി മാറുകയും ചെയ്തു. ആദ്യകാലത്ത് ഇത് ഗേൾസ് സ്കൂൾ ആയിരുന്നു. പ്രീ പ്രൈമറി മുതൽ 4-ാം ക്ലാസ്സുവരെയുള്ള ഈ സ്കൂളിൽ ചുറ്റുപാടുമുള്ള അംഗൻവാടിയിൽ നിന്ന് കുട്ടികൾ എത്താറുണ്ട്. സ്കൂളിന് പഞ്ചായത്തിൽ നിന്നും കഞ്ഞിപ്പുര, ചുറ്റുമതില്, സ്കൂൾ ഗേറ്റ്, പ്രീപ്രൈമറി ഷെഡ് എന്നിവയും നല്കിയിട്ടുണ്ട്. SSA യിൽ നിന്നും ടോയ്‌ലെറ്റ്, കുടിവെള്ളത്തിനു മോട്ടർ, ഇലക്ട്രിഫിക്കേഷൻ ഇവ നടത്തി തന്നിട്ടുണ്ട്. സാമൂഹിക സാംസ്കാരിക സാമ്പത്തിക ആദ്ധ്യാത്മികമേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകം ശ്രേഷ്ഠർക്ക് ജന്മം നല്കിയ ഈ വിദ്യാലയം പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ എന്നും മറ്റുള്ളവർക്ക് മാതൃകയാണ്.

മൂന്ന് അധ്യാപകരും, ഒരു PTCM ഉം, പ്രീപ്രൈമറി ടീച്ചർ, ആയ, പാചകതൊഴിലാളിയുമാണുള്ളത്. പ്രീപ്രൈമറി കുട്ടികൾ ഉൾപ്പെടെ 37 കുട്ടികളാണ് പഠിക്കുന്നത്. എല്ലാ പരീക്ഷകളിലും 95% കുട്ടികളും ഉന്നതവിജയം കരസ്ഥമാക്കുന്നവരാണ്. പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾ മികവ് പുലർത്തുന്നു..

AnyScanner

# പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും പഠനശേഷികൾ കൈവരിച്ചു എന്നു ഉറപ്പു വരുത്തും.
- കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിക്കും.
- എല്ലാ കുട്ടികളെയും മലയാളം എഴുതാനും വായിക്കാനും പ്രാപ്തരാക്കും
- ഗണിതത്തിന്റെ അടിസ്ഥാന ശേഷികൾ കൈവരിക്കാൻ പ്രാപ്തരാക്കും
- ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനും പ്രാവീണ്യം ഉള്ളവരാക്കും
- കുട്ടികളെ സാമൂഹിക പ്രതിബദ്ധത ഉള്ളവരാക്കും
- , നിരീക്ഷിക്കൽ, വർഗീകരിക്കൽ, അപഗ്രഥിച്ച് നിഗമനത്തിലെത്തൽ,
- ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ തുടങ്ങി നിരവധി പ്രക്രിയാ ശേഷികളുടെ വികസനം കുട്ടികളിൽ സാധ്യമാക്കും
- ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കും
- അവസരതുല്യത, സാമൂഹ്യനീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠനപരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കും
- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കും
- സമഗ്രഗുണമേന്മാ വിദ്യാലയ ആസൂത്രണം സാധ്യമാക്കും.
- ക്ലാസ് മുറികൾ സ്മാർട്ട് ആക്കും.
- ജൈവവൈവിധ്യ ഉദ്യാനം നിലവിൽ വരും – കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്ക്കരിക്കും.
- പരിസ്ഥിതി സംരക്ഷണ – പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും
- ശാസ്ത്രീയമായ പ്രീ സ്കൂൾ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കും
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷമാക്കിയും പിന്തുണ നല്കിയും കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും
- പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിലെത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും.
- വിദ്യാഭ്യാസത്തിൽ ജനാധിപത്യവല്ക്കരണം അർത്ഥപൂർണമാക്കും.

- ആധുനിക സൗകര്യങ്ങളുള്ള വായനശാല , ലബോറട്ടറി എന്നിവ ഉണ്ടാകും
- ജനകീയസംവിധാനങ്ങളുടെ പിന്തുണയോടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടും.
- കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവുവരുത്താനുള്ള കൗൺസിലിംഗ് സൗകര്യം എല്ലാ സ്കൂളുകളിലും ഉണ്ടാകും
- മദ്യത്തിനും മയക്കമരുന്നിനുമെതിരായ മനോഭാവം പുതുതലമുറയിൽ വളരും
- പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി വിമുക്തവും ലഹരിവിമുക്തവുമായ കാമ്പസ് രൂപപ്പെടും
- കാർഷിക സംസ്കാരമുള്ള പുതുതലമുറ വളരും
- കലാ–കായിക - പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിനു അനുഗുണമായ ഭൗതികസൗകര്യങ്ങൾ സൃഷ്ടിക്കപ്പെടും
- കുട്ടികൾക്ക്  രണ്ട് ഭാഷ (മാതൃഭാഷ , ഇംഗ്ലീഷ്) അനായാസമായി കൈകാര്യം ചെയ്യാൻ കഴിയും.
- മികവിന്റെ കേന്ദ്രങ്ങളായി ഉയരും. പൊതുസമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റും.
- ഏറ്റവും മികച്ച വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിലൂടെ ലഭ്യമാകും
- മുഴുവൻ കുട്ടികളും നീന്തൽ പരിശീലിക്കും. ഇതിനു സഹായകമായ സൗകര്യങ്ങൾ ലഭ്യമാക്കും.
- ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചു പ്രവർത്തിക്കും
- കാലാവസ്ഥ വ്യതിയാനമടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നതിന് സഹായകമായ മനോഭാവം സൃഷ്ടിക്കും. പ്രാദേശികതലത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കും.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- പ്രീപ്രൈമറി മുതൽ 4–ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നല്കികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.
- അധ്യാപനവും, അധ്യായനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

AnyScanner

## വിദ്യാലയ ചരിത്രം

1923 ൽ പ്രൈമറി വിദ്യാലയമായി ആരംഭിച്ചു. ആദ്യകാലത്ത് ഇത് സ്വകാര്യവ്യക്തിയുടെ ഗേൾസ് സ്കൂൾ ആയിരുന്നു. പിന്നീട് സർക്കാരിലേക്ക് കൈമാറി. ഓലഷെഡ് മാറി ഓടിട്ടകെട്ടിടം നിലവിൽ വന്നു. 2008 ആയപ്പോഴേക്കും PTA പ്രീപ്രൈമറി നിലവിൽ വന്നു. പഞ്ചായത്ത് ഷെഡ് അനുവദിച്ചു തന്നു. 2011 മുതൽ പ്രീപ്രൈമറി അംഗീകാരം ലഭിച്ചു.

നിരവധി രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധിപേർ ഇവിടുത്തെ പൂർവ്വവിദ്യാർത്ഥികളാണ്. മികവാർന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരം കിട്ടിയിട്ടുണ്ട്.

### വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാടുകൾ

- പ്രീസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കും.
- ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റും.
- വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്ക്കരിക്കും.
- കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും.
- സർഗ്ഗപരമായ എല്ലാ കഴിവുകളും വർദ്ധിപ്പിക്കുന്നതാവും സമഗ്ര വിദ്യാഭ്യാസം.
- പിന്നോക്കം നില്ക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.
- സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.
- ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ - പാഠ്യേതര പ്രവർത്തനങ്ങൾക്ക്
- വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്ക്കരണം അർത്ഥപൂർണ്ണമാക്കും
- ലഹരി വിരുദ്ധമനോഭാവം വളർത്തും .
- പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരിമുക്ത കാമ്പസ് യാഥാർത്ഥ്യമാക്കും.
- കാർഷിക സംസ്കാരം വളർത്തിയെടുക്കും.
- ക്ലാസ് മുറികൾ ഹൈടെക് ആക്കും.
- സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തും ആകർഷകമാക്കും.
- എല്ലാ സ്കൂളുകളും സമഗ്രവിദ്യാലയ വികസന രൂപരേഖ തയ്യാറാക്കും.
- നിലവാരമുള്ള അദ്ധ്യാപക പരിശീലനം.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തും..

AnyScanner

# മികവിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ് ത്ര പോഷണപരിപാടി<br>• വായനാ പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• ആധുനികവത്ക്കരിക്കൽ ലബോറട്ടറി<br>• പ്രതിഭാപോഷണ പരിപാടികൾ<br>• കലാ-കായിക മേള<br>• I.T പരിശീലനം<br>• അദ്ധ്യാപക ശാക്തീകരണ പരിപാടികൾ<br>• CPTA സജീവമാക്കൽ<br>• പ്രവർത്തി പരിചയ പഠനം<br>• ഒന്നാം ക്ലാസ് ഒന്നാം തരം<br>• SRG ശാക്തീകരണം<br>• ശാസ് ത്രാഭിരുചി വളർത്തൽ<br>• പച്ചക്കറിത്തോട്ടം<br>• രചനാ ശില്പശാല<br>• അഭിമുഖങ്ങൾ<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി<br>• പാവനാടക പരിശീലനം / ശില്പശാല<br>• ഒറിഗാമി ശില്പശാല<br>• ഗണിതലാബ്, ഗണിതാന്തരീക്ഷ ഒരുക്കൽ<br>• ഭാഷാലാബ്<br>• ബാല<br>• ബ്ലോഗ്<br>• ടേം മൂല്യനിർണ്ണയം , നിരന്തര വിലയിരുത്തൽ<br>• ദിനാചരണം<br>• കായിക പഠനം<br>• ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ | • ചുറ്റുമതിൽ ഗേറ്റ്<br>• കളിസ്ഥലം<br>• ചിൽഡ്രൻസ് പാർക്ക്<br>• ക്ലാസ് മുറികൾ<br>• ഓഫീസ് മുറി<br>• സ്റ്റാഫ് റൂം<br>• വിശ്രമ മുറി<br>• കമ്പ്യൂട്ടർ റൂം<br>• ലൈബ്രറി<br>• അടുക്കള<br>• ഡൈനിംഗ് ഹാൾ<br>• അസംബ്ലി ഹാൾ<br>• മാലിന്യ സംസ്കരണം<br>• ലബോറട്ടറി | • PTA ശക്തിപ്പെടുത്തൽ<br>• SMC, SCMC കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസന സമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• SSG<br>• LSG ബന്ധം<br>• ഗ്രന്ഥശാലകൾ, ക്ലബ് സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ് PTA മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ<br>• റിസോഴ്സ് മാപ്പിംഗ് |

AnyScanner

<u>അക്കാദമിക പ്രവർത്തനങ്ങൾ</u>

**മലയാളം**

| SL.NO | PROGRAMME | ACTIVITY | DURATION | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1) | മലയാളം എഴുതാനും വായിക്കാനും കുട്ടികളെ പ്രാപ്തരാക്കൽ | 1. Pre – test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾനിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം – അടിക്കുറിപ്പ്<br>9. ചിത്രം – കഥപറയൽ<br>10. ചിത്രം – കഥഎഴുതല്<br>11. കഥ ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. CD യിൽ ഒരു ചിത്രം നല്കി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്, | 3,4 months | പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>PTA |
| 2) | കുട്ടിയെ മികച്ച വായനക്കാരാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനാമൂല, ക്ലാസ്സ് ലൈബ്രറി<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മവായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം, ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാല സഭ<br>13. ദിനാചരണങ്ങൾ<br>14. ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായന<br>15. ആസ്വാദകരമായ വായന<br>16. വായന സാമഗ്രികൾ വികസിപ്പിക്കൽ<br>17. ഇ– വായന | 5 months | പുസ്തകങ്ങൾ | BRC<br>PTA<br>Trs |

AnyScanner

| | | | | | |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനാകുറിപ്പ് ആസ്വാദനക്കുറിപ്പ്<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. വായനാനുഭവം പങ്കുവയ്ക്കൽ<br>9. സഞ്ചരിക്കുന്ന ആസ്വാദനകുറിപ്പ് , പുസ്തകം<br>10. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>11. ഇൻലന്റ് മാഗസിൻ , ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>12. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>13. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>14. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>15. ബാലസഭ<br>16. പൊതുവേദിയിൽ സംസാരിക്കാനുള്ള കഴിവ്<br>17. വ്യക്തിഗത രചന, സംഘരചന<br>18. ഭാഷാ പ്രോജക്ട്<br>19. രചയിതാക്കളെ പരിചയപ്പെടൽ<br>20. സാഹിത്യ സാംസ്കാരിക ചിത്രഗാലറി | 6 months | ലൈബ്രറി<br><br>പുസ്തകങ്ങൾ<br><br>ജീവചരിത്ര പുസ്തകങ്ങൾ, ഗ്രന്ഥശാല<br><br>ഫോട്ടോകൾ പുസ്തകങ്ങൾ | BRC<br>DIET<br><br>SCERT<br>PTA<br><br>BRC<br>ജനപ്രതിനിധി<br><br>PTA<br>Teachers |

AnyScanner

# Project – Malayalam

## ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നില്ക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയിലും എഴുത്തിലും പ്രാവീണ്യമുള്ളവരാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം , എഴുത്തുകൂട്ടം
- അമ്മവായന
- ക്ലാസ് ലൈബ്രറി ,സ്കൂൾ ലൈബ്രറി
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടേയും എഴുത്തിന്റേയും സാധ്യതകൾ കണ്ടെത്തുക.
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ
- എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക.
- വായന സാമഗ്രികൾ കൊടുക്കുന്നു , വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

1. **മലയാളത്തിളക്കം**

   പിന്നാക്കകാരെ കണ്ടെത്തി, പ്രീ-ടെസ്റ്റ് നടത്തുന്നു.

2. **അക്ഷരം ഉറപ്പിക്കൽ(2 month)**

   ചിത്രങ്ങളിലൂടെ മലയാളചിത്രങ്ങൾ ഉറപ്പിക്കുന്നു

3. **അടയാളങ്ങൾ ഉറപ്പിക്കൽ**

   ചിത്രസഹായത്താല് അടയാളങ്ങള് ചിഹ്നങ്ങള് എന്നിവ ഉറപ്പിക്കല്

4. **അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്**

   അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

AnyScanner

5. <u>ചിത്രം – അടിക്കുറിപ്പ്</u>

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ – അധ്യാപികയുടെ സഹായത്താൽ എഴുതൽ

6. <u>കഥ– ബാക്കി പറയൽ –എഴുതൽ</u>

ഒരു കഥയുടെ കുറച്ചുഭാഗം നല്കുന്നു , ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു.

7. <u>കഥാ പുസ്തകം –നല്കൽ</u>

വായനകുറിപ്പ് തയ്യാറാക്കൽ

8. <u>CD പ്രദർശനം</u>

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെകുറിച്ചും പറയാനവസരം, എഴുതാനവസരം

9. <u>ഭിന്നശേഷിക്കാരെ പരിഗണിക്കൽ</u>

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തനപാക്കേജ്.

10. <u>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ</u>

പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കാനവസരം. വായനക്കുറിപ്പ് അസംബ്ലിയിൽ അവതരിപ്പിക്കാനവസരം

11. <u>സ്കൂൾ ലൈബ്രറി രൂപീകരിക്കണം</u>

കുട്ടികളുടെ സഹായത്തോടെ LP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം

12. <u>ക്ലാസ് ലൈബ്രറി നവീകരണം</u>

സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തകവിതരണം , പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം

13. <u>സമീപ ഗ്രന്ഥശാല അംഗത്വം</u>

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തകവിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം

14. <u>വായനോത്സവം സംഘടിപ്പിക്കൽ</u>

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വയം പുസ്തകവുമായ അനുഭവം പങ്കിടൽ, വായനക്കുറിപ്പ്, ആസ്വാദനകുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടൽ.

AnyScanner

15. **പത്രവായന**

വിവിധ പത്രങ്ങള് ക്ലാസില് ലഭ്യമാക്കല് , പത്രക്വിസ് , വാര്ത്ത തയ്യാറാക്കല്, പുതിയ അറിവ് കണ്ടെത്തല് -വായന -എഴുത്ത് , പത്രം തയ്യാറാക്കല്.

16. **അമ്മവായന**

സ്കൂള് ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം. വായനമുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ. മികച്ചകുറിപ്പ് കണ്ടെത്തൽ, പ്രോത്സാഹനം. അമ്മ സാഹിത്യസമാജം രൂപീകരിക്കൽ, ശില്പശാല.

17. **പുസ്തക ചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ**

പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നല്കിയ പുസ്തകങ്ങൾ പരിചയപ്പെടൽ. കഥാപാത്രനിരൂപണം, കഥാപാത്രത്തെ ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ

18. **വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടേയും കുറിപ്പ് ശേഖരിക്കുന്നു, ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം

19. **വിദ്യാരംഗം കലാസാഹിത്യവേദി പ്രവര്ത്തനം**

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം – വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ.

20. **ക്ലാസ് , സ്കൂൾ ബാലസഭകൾ**

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ

21. **ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. **ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ക്ലാസ് മുറിയില്, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത. വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

AnyScanner

23. **വായന സാമഗ്രികൾ വികസിപ്പിക്കൽ**

LP കുട്ടികൾക്കായുള്ള വായനസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടേയും രക്ഷിതാക്കളുടേയും അധ്യാപകരുടേയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡിംഗ് ചെയ്ത് ഉപയോഗിക്കൽ

24. **ഇ-വായന സാധ്യത കണ്ടെത്തൽ**

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനകൂട്ടത്തിന്റേയും എഴുത്തുകൂട്ടത്തിന്റേയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം....വിവിധതരം കവിതകൾ, കഥകൾ എന്നിവ വീഡിയോ കാണൽ.

25. **വായനക്കൂട്ടം, എഴുത്തുകൂട്ടം - monitoring**

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ BRC അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം

26. **കാവ്യക്കൂട്ടം**

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ രക്ഷിതാക്കളുടെ കവിതകൾ മുതലായവ സംഘടിപ്പിച്ച് കാവ്യക്കൂട്ടം സംഘടിപ്പിക്കുന്നു

(BRC യുടെ സഹായത്തോടെ)

27. **എഴുത്തുകളുടെ രൂപീകരണം**

വ്യക്തി രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു

28. **സഞ്ചരിക്കുന്ന ആസ്വാദനകുറിപ്പ് പുസ്തകം**

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെകുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി കൈമാറി എല്ലാവരുടേയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

29. **വിവിധ സാഹിത്യ ശാഖകള് പരിചയപ്പെടല്**

മലയാളസാഹിത്യത്തിലെ വിവിധ ശാഖകൾ പരിചയപ്പെടുത്തൽ. വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസറ്റ് ചെയ്യൽ

30. **ഇൻലന്റ് മാഗസിൻ, ചുമർ പത്രിക പതിപ്പ്**

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം

AnyScanner

English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചേഴ്സ് | |
| **ഇംഗ്ലീഷ് ഡയറി** തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുന്നു. | ആഴ്ചയിൽ അഞ്ചു ദിവസം | ഇംഗ്ലീഷ് അധ്യാപിക | |
| **ഇംഗ്ലീഷ് ഫെസ്റ്റ്** വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | അഞ്ചു ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | അവധിക്കാലം | PTA, Teachers | PTA FUND |
| English Pen Friends ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ വിശേഷങ്ങൾ ഫ്രണ്ട്സിന് ഇംഗ്ലീഷിൽ എഴുതി പോസ്റ്റ് ചെയ്യൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചേഴ്സ് | PTA FUND |
| **ഇംഗ്ലീഷ് ചാറ്റിംഗ്** ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതില് ശേഷി നേടൽ | ഫ്രണ്ട്സുമായി ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നു. | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചേഴ്സ് | |
| **ഗ്രാമർ സ്കൂൾ** വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കാന് കഴിവ് നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നല്കിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം പത്ത് ക്ലാസ് | ഇംഗ്ലീഷ് അധ്യാപിക | |
| **പദപ്രശ്ന നിർമ്മാണം** കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നല്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |
| **ഇംഗ്ലീഷ് കോർണർ** ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. ബുള്ളറ്റിന് ബോർഡില് ഇംഗ്ലീഷ് വാർത്തകൾ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |

AnyScanner

# Project – English

## ഇംഗ്ലീഷ് ഭാഷയിലെ പിന്നാക്കാവസ്ഥ പരിഹരിക്കൽ

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും ഇംഗ്ലീഷ് എഴുതാനും ,വായിക്കാനും സംസാരിക്കുവാനും പ്രാപ്തരാക്കുക എന്ന ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നില്ക്കുന്നവരെ കൂടി മുൻ ധാരയിലെത്തിച്ച് ഇംഗ്ലീഷ് വായനയിലും, എഴുത്തിലും, സംസാരത്തിലും പ്രാവീണ്യമുള്ളവരാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുതാനും, വായിക്കാനും, സംസാരിക്കാനുള്ള കഴിവ്
- വായനക്കൂട്ടം
- എഴുത്തുകൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി
- സ്കൂൾ ലൈബ്രറി
- ദിനാചരണവുമായി ബന്ധപ്പെട്ട് ഇംഗ്ലീഷിന്റെ സാധ്യതകൾ കണ്ടെത്തുന്നു.
- ഇംഗ്ലീഷുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

## പ്രവർത്തനങ്ങൾ

### Hello English

ചിത്രങ്ങൾ സഹിതം കഥ പറയുന്നു. ഡയറക്ഷൻസ് ഇംഗ്ലീഷിൽ നല്കി ഗെയിംമുകൾ നടത്തുന്നു.

Simple Reading materials നല്കുന്നു

➢ **CD പ്രദർശനം**

Simple Story കാണിക്കുന്നു, Rhymes, Animation ചിത്രങ്ങൾ എന്നിവ കാണിക്കുന്നു. കണ്ട കാര്യങ്ങൾ പറയാൻ അവസരം കൊടുക്കുന്നു

➢ **വാക്കുകൾ എഴുതിയ കാർഡ്**

ചിത്രങ്ങൾ സഹിതം വാക്കുകൾ എഴുതിയ കാർഡ് ക്ലാസുകളിൽ പ്രദർശിപ്പിക്കുന്നു

➢ **ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ**

പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കാന് അവസരം നല്കുന്നു. വായനാകുറിപ്പ് അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം

AnyScanner

# Project - English

## ഇംഗ്ലീഷ് ഭാഷയിലെ പിന്നാക്കാവസ്ഥ പരിഹരിക്കൽ

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും ഇംഗ്ലീഷ് എഴുതാനും ,വായിക്കാനും സംസാരിക്കുവാനും പ്രാപ്തരാക്കുക എന്ന ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നില്ക്കുന്നവരെ കൂടി മുൻ ധാരയിലെത്തിച്ച് ഇംഗ്ലീഷ് വായനയിലും, എഴുത്തിലും, സംസാരത്തിലും പ്രാവീണ്യമുള്ളവരാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുതാനും, വായിക്കാനും, സംസാരിക്കാനുള്ള കഴിവ്
- വായനക്കൂട്ടം
- എഴുത്തുകൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി
- സ്കൂൾ ലൈബ്രറി
- ദിനാചരണവുമായി ബന്ധപ്പെട്ട് ഇംഗ്ലീഷിന്റെ സാധ്യതകൾ കണ്ടെത്തുന്നു.
- ഇംഗ്ലീഷുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

## പ്രവർത്തനങ്ങൾ

### Hello English

ചിത്രങ്ങൾ സഹിതം കഥ പറയുന്നു. ഡയറക്ഷൻസ് ഇംഗ്ലീഷിൽ നല്കി ഗെയിമുകൾ നടത്തുന്നു.

Simple Reading materials നല്കുന്നു

➢ CD പ്രദർശനം

Simple Story കാണിക്കുന്നു, Rhymes, Animation ചിത്രങ്ങൾ എന്നിവ കാണിക്കുന്നു. കണ്ട കാര്യങ്ങൾ പറയാൻ അവസരം കൊടുക്കുന്നു

➢ വാക്കുകൾ എഴുതിയ കാർഡ്

ചിത്രങ്ങൾ സഹിതം വാക്കുകൾ എഴുതിയ കാർഡ് ക്ലാസുകളിൽ പ്രദർശിപ്പിക്കുന്നു

➢ ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ

പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കാന് അവസരം നല്കുന്നു. വായനാക്കുറിപ്പ് അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം

- **ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**

  വായനക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങിയ ഒരു ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു.

- **ഇംഗ്ലീഷ് ഫെസ്റ്റ് അവതരിപ്പിക്കുന്നു**

  മാസത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു, Choreography, Rhyme, Story, Speech എന്നിവ സംഘടിപ്പിക്കുന്നു

- **പത്രവായന**

  ഇംഗ്ലീഷ് പത്രങ്ങളുടെ headlines വായിപ്പിക്കുന്നു.

- **അമ്മവായന**

  ലൈബ്രറിയിൽ നിന്നും അമ്മമാർക്ക് പുസ്തകം നല്കുന്നു. വായനാക്കുറിപ്പ് തയ്യാറാക്കൽ.
  ചിത്രരചന, വാക്കുകള് എഴുതല്, English രൂപീകരണം പ്രോത്സാഹനം നല്കുന്നു.

- **ക്ലാസ് ബാലസഭകൾ**

  ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, ഇംഗ്ലീഷ് പ്രവർത്തനങ്ങൾ.

- **ദിനാചരണങ്ങൾ**

  ദിനാചരണവുമായി ബന്ധപ്പെട്ട് ഇംഗ്ലീഷിന്റെ സാധ്യത കണ്ടെത്തൽ

- **ആനുകാലിക പ്രസിദ്ധീകരണങ്ങൾ**

  ക്ലാസ് മുറിയിൽ ധാരാളം ഇംഗ്ലീഷ് ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത .

- **ഇ-വായന സാധ്യത കണ്ടെത്തൽ**

  നെറ്റിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നൈപുണി.

- **പൊതുവേദിയിലെ പ്രകടനങ്ങൾ**

  കുട്ടികളിലെ ഭാഷ, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, സർഗമേള , ബാലസഭഎന്നിവ സംഘടിപ്പിക്കുന്നതിന് അവസരം നല്കുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം.

- **ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ**

  BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കൽ , പ്രോത്സാഹനം

- **Writing Corner**

  Individual writing and group writing, Drawing pictures

- **മാഗസിൻ**

  Creativity പരിപോഷിപ്പിക്കാൻ ക്ലാസ് തലത്തിൽ മാഗസിൻ രൂപീകരണം

ഗണിതം..

| Sl. No | Programme | Activity | Duration | പിന്തുണ | ഭൗതികം |
|---|---|---|---|---|---|
| 1 | ഗണിതത്തിലെ അടിസ്ഥാന ശേഷികൾ കൈവരിക്കാൻ പ്രാപ്തരാക്കുക | • സംഖ്യാ ബോധം<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• സംഖ്യാ കാർഡ്<br>• സങ്കലന കാർഡ്<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• മനക്കണക്ക്<br>• കളിപ്പെട്ടി ഗെയിം<br>• ഗണിതത്തിൽ പിന്നാക്കം നില്ക്കുന്നവർക്ക് പ്രത്യേകം ക്ലാസ്. | 3,4 months | BRC<br>DIET<br>PTA<br>Teacher | പുസ്തകം<br>ചിത്രങ്ങൾ<br>Laptop |
| 2 | ഗണിതപഠനത്തിൽ താല്പര്യം വളര്ത്തുക | • ഗണിത മൂല<br>• ഗണിത ലാബ്<br>• ഗണിത കിറ്റ്<br>• ഗണിത ചിത്രങ്ങൾ<br>• കളിപ്പെട്ടി<br>• ഗണിത കളികൾ<br>• ഗണിതപ്പാട്ട്<br>• ഗണിത പൂന്തോട്ടം<br>• ഗണിത മേള | 3 months | BRC<br>DIET<br>PTA<br>Teachers | Computer, സാമഗ്രികൾ |
| 3 | ഗണിത പഠനത്തോട് അനുകൂല മനോഭാവം രൂപപ്പെടുത്തുക | • ശില്പശാല<br>• ഗണിത കേളികൾ<br>• ഗണിതപ്പാട്ട്<br>• ആത്മ വിശ്വാസം വളർത്തുന്ന പ്രവർത്തനങ്ങൾ<br>• കഥകൾ തയ്യാറാക്കൽ<br>• പസില്സ് നിർമ്മാണം<br>• സംഖ്യാ ചിത്രം വരയ്ക്കൽ<br>• രൂപങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ<br>• കളിപ്പാട്ടക്കട<br>• ചിത്ര പാറ്റേൺ | 6 months | BRC<br>DIET<br>PTA<br>Teachers | പുസ്തകം<br>ചിത്രങ്ങൾ |

AnyScanner

| | | | | | |
|---|---|---|---|---|---|
| 4 | ഗണിത പ്രശ്നങ്ങൾ പരിഹരിക്കാന് പ്രാപ്തരാക്കുക | • ലഘുവായ ചിത്രപസിലുകൾ പൂർത്തിയാക്കൽ<br>• ജിഗ്സോ പസിലുകൾ<br>• വിവിധ ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ<br>• വഴി കണ്ടെത്തൽ | 9 months | BRC<br>DIET<br>PTA<br>Teachers | പുസ്തകം ചിത്രങ്ങൾ |

## Project – ഗണിതം

## ഗണിതപഠനത്തിൽ താല്പര്യം വളർത്തുക<br>പിന്നാക്കാവസ്ഥ പരിഹരിക്കൽ

**ലക്ഷ്യങ്ങൾ**

- സംഖ്യാ ബോധം
- ചിഹ്നങ്ങള് ഉറപ്പിക്കൽ
- മനക്കണക്ക്
- ഗണിത ചിത്രങ്ങൾ
- ഗണിത മൂല
- ഗണിത പൂന്തോട്ടം
- പ്രായോഗിക പ്രശ്നങ്ങൾ
- കളിപ്പെട്ടി ഗയിം
- സങ്കലന കാർഡ്
- ഗണിതത്തിൽ പിന്നാക്കം നില്ക്കുന്നവർക്ക് പ്രത്യേകം ക്ലാസ്

AnyScanner

**പ്രവർത്തനങ്ങൾ**

1. **ഗണിതമൂല, ലാബ്, കിറ്റ്**

   ഗണിതപഠനത്തിനാവശ്യമായ സാമഗ്രികൾ കണ്ടെത്തുന്നു. അവ വികസിപ്പിക്കുന്നു.

2. **കളിപ്പെട്ടി ഗെയിം**

   ഗിതവുമായി ബന്ധപ്പെട്ട ലളിതമായ കളികളിൽ(ഗെയിമുകൾ) ഏർപ്പെടാൻ സാധിക്കുന്നു

3. **സങ്കലന കാർഡ്**

   ചിത്രങ്ങൾ സഹിതം സങ്കലനം ഉറപ്പിക്കാൻ സഹായകമായ കാർഡ് ക്ലാസുകളിൽ പ്രദർശിപ്പിക്കുന്നു

4. **ഗണിത പൂന്തോട്ടം**

   വിവിധ രൂപങ്ങൾ (ചതുരം, ത്രികോണം, വൃത്തം) ഉപയോഗിച്ച് ആകർഷകമായ രൂപങ്ങൾ (പൂന്തോട്ടം , ശലഭം , ചെടി) എന്നിവ ഉണ്ടാക്കി പ്രദർശിപ്പിക്കുന്നു

5. **ഗണിതകളികൾ**

   ഗണിതവുമായി ബന്ധപ്പെട്ട ലളിതമായ കളികൾ  പരിചയപ്പെടാനുള്ള അവസരം. അധ്യാപകരുടെ സഹായത്താൽ ക്ലാസ് മുറിയിൽ ഗണിതകളികൾ ഒരുക്കാൻ സഹായിക്കുന്നു.

6. **കളിപ്പാട്ടങ്ങൾ**

   ക്ലാസ് മുറിയിൽ സജ്ജീകരിക്കുന്ന കളിപ്പാട്ടങ്ങൾ , കട്ടികളിൽ സങ്കലനം , വ്യവകലനം തുടങ്ങി  ഗണിതചിഹ്നങ്ങൾ ഉറപ്പിക്കാൻ സഹായകമാണ്. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിന് സഹായം.

7. **ദിനാചരണങ്ങൾ**

   ദിനാചരണവുമായി ബന്ധപ്പെട്ട ഗണിതത്തിന്റെ സാധ്യത കണ്ടെത്തൽ

8. **ഗണിതമേള സംഘടിപ്പിക്കുന്നു.**

   മാസത്തിൽ ഗണിതമേള സംഘടിപ്പിക്കുന്നു, ഗണിത കളികൾ, ഗണിതപ്പാട്ട് , ഗണിതചിത്രങ്ങൾ, കഥകൾ തയ്യാറാക്കൽ, സംഖ്യാ ചിത്രം വരയ്ക്കൽ എന്നിവ സംഘടിപ്പിക്കുന്നു

9. **ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ**

   BRC, IED, Teachers എന്നിവരുടെ സഹായത്താൽ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം നടപ്പിലാക്കൽ, പ്രോത്സാഹനം

AnyScanner

| | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | നിരീക്ഷണ പാടവം വളർത്തൽ | പ്രകൃതി നടത്തം<br>ഫീൽഡ് ട്രിപ്പ്<br>ജൈവപാർക്ക് നിരീക്ഷണം<br>ക്ലാസിലാവിശ്യമായ സാധനങ്ങൾ സംഘടിപ്പിക്കൽ | 3-5 മാസം | ബുക്കുകൾ | ടീച്ചേഴ്സ്<br>പി.ടി.എ<br>ബി.ആർ.സി |
| 2. | ശാസ്ത്രാഭിരുചി വളർത്തൽ | ലാബ് സജ്ജമാക്കൽ<br>ലഘു പരീക്ഷണങ്ങൾ<br>പരീക്ഷണ കുറിപ്പ്<br>ശിൽപ്പശാല | 5-8 മാസം | ബുക്കുകൾ<br>ലാബ് | ടീച്ചേഴ്സ്<br>പി.ടി.എ<br>ബി.ആർ.സി |
| 3. | വർഗ്ഗീകരിക്കൽ | ഫീൽഡ് ട്രിപ്പ്<br>ജൈവപാർക്ക് സന്ദർശനം<br>പ്രകൃതി നടത്തം | 3-5 മാസം | ബുക്കുകൾ | ടീച്ചേഴ്സ്<br>പി.ടി.എ<br>ബി.ആർ.സി |
| 4. | അഭിമുഖം | മികച്ച കർഷകരുമായി അഭിമുഖം.<br>കൃശിസ്ഥല സന്ദർശനം. | | | |

AnyScanner

10. <u>ലളിതമായ ഗണിതപ്രോജക്ടുകൾ ഏർപ്പെടാൻ കഴിയുന്നു</u>

വിവിധ ജ്യാമിതീയ രൂപങ്ങളുടെ ശേഖരണം

11. <u>വെജിറ്റബിൾ പ്രിന്റിംഗ്</u>

ഗണിതപാറ്റേണുകൾ പ്രദർശിപ്പിച്ച് അവ സൗന്ദര്യമുള്ളതാക്കി തീർക്കാൻ സാധിക്കുന്നു

12. <u>കഴിഞ്ഞ സംഭവങ്ങൾ ക്രമീകരിച്ച് പറയൽ</u>

സമയം , പ്രായം എന്നിവ അടിസ്ഥാനമാക്കി നിരീക്ഷണങ്ങൾ പറയാൻ കഴിയുന്നു

13. <u>സംഖ്യാഗാനങ്ങള്</u>

സംഖ്യകള് എണ്ണാനും , സംഖ്യയും വസ്തുക്കളുടെ എണ്ണവും തമ്മില് ബന്ധിപ്പിക്കാനും ഉള്ള പ്രോത്സാഹനം നല്കുന്നു.

14. <u>ഗണിതപ്പാട്ട്</u>

വസ്തുക്കളെ താരതമ്യം ചെയ്യുന്നതിനു ഗണിതഭാഷ ഉപയോഗിക്കല്. സ്വന്തം സൃഷ്ടികള് അവതരിപ്പിക്കാന് അവസരം

## <u>മേഖല – ഭൗതികം</u>

എല്ലാ ക്ലാസിലേയും കുട്ടികൾ അതാത് തലത്തിൽ നേടേണ്ട അടിസ്ഥാനശേഷി വികാസത്തിന് സഹായകമാകുന്ന ഭൗതിക സൗകര്യങ്ങൾ ഒരുക്കി പഠനം സാധ്യമാക്കാനുള്ള കർമ്മ പദ്ധതികളാണ് ഈ ഉപമേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

- ഡിജിറ്റൽ സ്മാർട്ട് ക്ലാസ് റൂം, ഫാൻ, ലൈറ്റ്, പ്രൊജക്ടർ &കമ്പ്യൂട്ടർ സംവിധാനമുള്ള ക്ലാസ് മുറികൾ.
- എൽ .പി മുറികളിൽ ശിശുസൗഹൃദമാക്കാന് Theam based pictures.
- ശിശുസൗഹൃദ ബ്ലാക്ക് ബോർഡ്.
- ക്ലാസ്റൂം ലൈബ്രറി.
- കുട്ടികൾക്ക് പഠനോപകരണങ്ങൾ സൂക്ഷിക്കാൻ Courner Shelf.
- പ്രവർത്തനാധിഷ്ഠിത പഠനത്തിനനുയോജ്യമായരീതിയിൽ ക്രമീകരിക്കാവുന്ന സീറ്റിംഗ് ക്രമീകരണം.
- ക്ലാസ്സിൽ ബുള്ളറ്റിൻ ബോർഡുകൾ.
- ക്ലാസുകളിൽ പഠനനേട്ടങ്ങളുടെ കലണ്ടർ

AnyScanner

**ഉപസംഹാരം**

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയാണ് വിദ്യാഭ്യാസം. ഇങ്ങനെയുള്ള വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾത്തന്നെ വ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കുട്ടികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നത്. നാട്ടുകാർ എതിരില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

AnyScanner